615/21

DESPATCHED
On. 22.06.21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 277(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.3656/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**2021 മേയ് 6**

ശ്രീ. പി.പി. ഫിലിപ്പ്,
പറമ്പി വീട്,
മാമ്പ്ര പി.ഒ.,
കല്ലൂർ - തെക്കുംമുറി വില്ലേജ്,
ചാലക്കുടി താലൂക്ക്, തൃശ്ശൂർ-680 308.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ് കറുകുറ്റി,
   കറുകുറ്റി പി.ഒ., എറണാകുളം -683 576.
2. അപ്പീൽ അധികാരി &
   തഹസിൽദാർ (ഭൂരേഖ),
   ആലുവ താലൂക്ക് ഓഫീസ്,
   ആലുവ, എറണാകുളം. .

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 16.9.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.9.2020 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 4.11.2020 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 14.12.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10.3.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 15.3.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27.3.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് (ഓഡിയോ) തീയതി | 6.5.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

ശ്രീ. പി.പി. ഫിലിപ്പ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് ഉണ്ടായിട്ടും നാളിതുവരെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൊതു വിവരാവകാശ

ഓഫീസർ അനുവദിച്ച് നൽകിയിട്ടില്ലെന്നും ഓർമ്മ കുറിപ്പ് അപേക്ഷ നൽകിയെങ്കിലും യാതൊരു നടപടിയും എതിർകക്ഷികളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലെന്നും വിവരം ലഭിക്കുന്നതിന് കാലതാമസം വന്നതിനാൽ അർഹമായ നഷ്ടപരിഹാരം നൽകണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 16.9.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കറുകുറ്റി വില്ലേജിലെ ശ്രീമതി. ബീനാവർഗ്ഗീസ്, ശ്രീ. പി.സി. വർഗ്ഗീസ്, ശ്രീ. നിക്സൻ വർഗ്ഗീസ് മുതൽ പേരുടെ ഉടമസ്ഥതയിലുള്ള വസ്തുവിന്റെ റവന്യു രേഖകൾ പ്രകാരമുള്ള തണ്ടപ്പേർ നമ്പർ, സർവ്വെ നമ്പർ, വിസ്തീർണ്ണം, ആധാരങ്ങളുടെ നമ്പറും തീയതിയും, നിലമോ, പുരയിടമോ എന്നും കാണിക്കുന്ന വിവരങ്ങൾ നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടതായ വിവരങ്ങൾ അപേക്ഷയിൽ വ്യക്തമല്ലെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട വ്യക്തികളുടെ സ്ഥലം ഏത് ബ്ലോക്കിൽപ്പെട്ടതാണെന്നോ, സർവ്വെ നമ്പറുകളോ അപേക്ഷയിൽ വ്യക്തമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലെന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് വില്ലേജ് ഓഫീസർ കറുകുറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 29.9.2020 ന് എസ്.പി.ഐ.ഒ ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ആയത് പരിഗണിച്ച് അപ്പീൽ അപേക്ഷ തീർപ്പ് കൽപ്പിച്ച് അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും തുടർന്ന് ഹർജിക്കാരന് വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നു കാണിച്ച് 31.1.2021 തീയതി വച്ച് നൽകിയ ഓർമ്മ കുറിപ്പിന്റെ അടിസ്ഥാനത്തിൽ 2.3.2021 തീയതി വിവരങ്ങൾ ഉടൻ നൽകാൻ എസ്.പിഐ.ഒയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും കമ്മീഷന്റെ കത്ത് പ്രകാരം അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കാൻ എസ്.പി.ഐ.ഒയ്ക്ക് നൽകിയിരുന്നുവെങ്കിലും ടിയാൻ റിപ്പോർട്ട് ലഭ്യമാക്കിയില്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചു. ഹിയറിംഗിനായി കത്തയച്ചിട്ടും, ആയത് ഫോൺ മുഖേന ഓർമ്മപ്പെടുത്തുകയും

ചെയ്തിട്ടും ഒന്നാം എതിർകക്ഷി ഫോൺ മുഖേനയുള്ള ഹിയറിംഗിൽ പങ്കെടുക്കാത്തത് കമ്മീഷൻ ഗൗരവമായി കാണുന്നു. ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് ഉണ്ടായിട്ടും ഒന്നാം എതിർകക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെ നൽകിയിട്ടില്ലെന്നതാണ് അപ്പീൽ ഹർജിക്കാരന്റെ ആക്ഷേപം. ആയതിനാൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്ന ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശം ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം ഒന്നാം എതിർകക്ഷി നടപ്പിലാക്കി കമ്മീഷനിൽ നടപടി വിവരം അറിയിക്കേണ്ടതാണെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശം സമയബന്ധിതമായി നടപ്പിലാക്കാത്തതും കമ്മീഷൻ നടത്തുന്ന ഹിയറിംഗിൽ മുൻകൂട്ടി അനുമതി തേടാതെ ഹാജരാകാതിരുന്നതും ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 മേയ് 6–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Bev

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk